ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളീയരുടെ ജീവിത ശൈലിയിൽ വന്ന മാറ്റങ്ങളാണ് പ്രധാനമായും ഇതിന് കാരണം.

(ബി) ഈ രോഗം നിയന്ത്രണവിധേയമാക്കുന്നതിന് ബോധവൽക്കരണ/ രോഗനിയന്ത്രണ ക്ലാസ്സുകൾ നടത്താറുണ്ട്. തിരുവനന്തപുരത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ നേതൃത്വത്തിൽ ഡോക്ടർമാർക്കും വിവിധ വിഭാഗം ജീവനക്കാർക്കും പരിശീലനം നൽകാനും പരിശീലനം ലഭിച്ച ഡോക്ടർമാരുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ ആശാപ്രവർത്തകരെ പഞ്ചായത്ത് തലത്തിൽ പരിശീലിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 2010-11 ബജറ്റിൽ വകയിരുത്തിയ പ്രകാരം പ്രമേഹരോഗവും രക്തസമ്മർദ്ദവും മോണിറ്റർ ചെയ്യുന്നതിനുള്ള ഒരു കർമ്മ പരിപാടി തയ്യാറാക്കി വരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

സ്റ്റേറ്റ് ഡിസീസ് കൺട്രോൾ മോണിറ്ററിംഗ് സെൽ

22 (4891) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ഡിസീസ് കൺട്രോൾ മോണിറ്ററിംഗ് സെല്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) എസ്.ഡി.എം.സി. യുടെ തലവൻ ആരാണെന്നും, അദ്ദേഹത്തിന്റെ യോഗ്യത എന്താണെന്നും വ്യക്തമാക്കുമോ ;

(സി) എസ്.ഡി.എം.സി.യിൽ എത്ര അംഗങ്ങൾ ഉണ്ട് എന്നും ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സെല്ലിന് നാളിതുവരെ എത്ര രൂപ അനുവദിച്ചു വെന്നും ഏതിനൊക്കെയായി എത്ര രൂപ ചെലവഴിച്ചുവെന്നും വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികൾ നേരത്തെ കണ്ടെത്തുകയും നിയന്ത്രണ വിധേയമാക്കുകയുമാണ് സ്റ്റേറ്റ് ഡിസീസ് കൺട്രോൾ മോണിറ്ററിംഗ് സെല്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ.

(ബി) എസ്.ഡി.എം.സി.യുടെ തലവൻ ആരോഗ്യവകുപ്പുമന്ത്രിയാണ്.

(സി) എസ്.ഡി.എം.സി.യിൽ ആകെ 12 അംഗങ്ങളാണുള്ളത്. പേരുവിവരം അടങ്ങുന്ന സർക്കാർ ഉത്തരവ് ഇതോടൊപ്പം വയ്ക്കുന്നു.*

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly